പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 284

03/02/2020 ൽ മറുപടി
നല്കേണ്ടത്.

## പാതയോരങ്ങളിലെ ലഘു ഭക്ഷണശാലകൾ

ചോദ്യം | ഉത്തരം

**ശ്രീ.ബി.സത്യൻ**

**ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പാതയോരങ്ങളിൽ വ്യാപകമായി ആരംഭിക്കുന്ന ലഘു ഭക്ഷണശാലകളിന്മേൽ വകുപ്പിന് ഏതെങ്കിലും തരത്തിൽ നിയന്ത്രണമുണ്ടോ;

(എ) സംസ്ഥാനത്ത് പാതയോരങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ ഭക്ഷണശാലകളും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. രജിസ്ട്രേഷൻ/ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. തട്ടുകടകൾ കേന്ദ്രീകരിച്ച് പ്രത്യേക രാത്രികാല പരിശോധനകളും നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ 'ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ് ' എന്ന പേരിൽ ലഘു ഭക്ഷണശാലകൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) പല ഭക്ഷണശാലകളിലും ഉപയോഗിച്ച എണ്ണ ആവർത്തിച്ച് ഉപയോഗിക്കുന്നത് വകുപ്പി ന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിൻമേൽ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) & (സി) ഉപയോഗിച്ച എണ്ണ വീണ്ടും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് RUCO ( Repurpose Used Cooking Oil). ഈ പദ്ധതി പ്രകാരം ഉപയോഗിച്ച എണ്ണ നിശ്ചിത വിലയ്ക്ക് ശേഖരിച്ച് ബയോഡീസൽ ആക്കി മാറ്റുന്നതിന് ഏജൻസികളെ തീരുമാനിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുള്ള അംഗീകാരം നൽകുന്നത് Food Safety and Standard Authority of India ആണ്. ഉപയോഗിച്ച എണ്ണ വീണ്ടും പാചക ആവശ്യത്തിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ